അഭിമുഖം

**പ്ലാച്ചിമട സമരം 10-ാം വർഷത്തിലേക്ക്**



# ഇനിയുമുണ്ട് ഏറെ ദൂരം

ഫോട്ടോ: അജിലാൽ

**പ്ലാച്ചിമട കൊക്കക്കോള കമ്പനിക്കെതിരെ നടക്കുന്ന ജനകീയ സമരം ഏപ്രിൽ 22ന് ഒൻപത് വർഷം പിന്നിടുകയാണ്. പ്ലാച്ചിമടയുടെ ആവാസവ്യവസ്ഥയെ നശിപ്പിച്ച കൊക്കക്കോള കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനായി ട്രിബ്യൂണൽ രൂപീകരിക്കാനുള്ള ബില്ലിന് കേരള നിയമസഭയുടെ അംഗീകാരം ലഭിച്ചിരിക്കുന്നു. കോർപറേറ്റ് അധിനിവേശത്തിനെതിരെ ശക്തമായ ജനവികാരം ഉയർത്തിയ പ്ലാച്ചിമട സമരം അതിന്റെ ലക്ഷ്യങ്ങളിലേക്ക് പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. മൂലധനശക്തികളുടെ ലാഭത്തിനായി ജനങ്ങളുടെ ആരോഗ്യവും സൗഖ്യവും നഷ്ടപ്പെടുത്താൻ ഭരണകൂടങ്ങൾ തുടർച്ചയായി ശ്രമിക്കുന്ന കാലത്ത് ഇനിയുമുണ്ട് ദൂരമെന്ന സമരാഹ്വാനവുമായാണ് പ്ലാച്ചിമട സമരം പത്താം വർഷത്തിലേക്ക് കടക്കുന്നത്. സമരസമതി ചെയർപേഴ്സൺ വിളയോടി വേണുഗോപാൽ കേരളീയവുമായി സംസാരിക്കുന്നു**

**പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനിയുണ്ടാക്കിയ നാശങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി രൂപീകരിച്ച ട്രിബ്യൂണലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? ട്രിബ്യൂണൽ യാഥാർത്ഥ്യമാകാൻ ഇനി എന്താണ് താമസം?**

കൊക്കക്കോള കമ്പനി വരുത്തിയ നാശങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ബില്ല് നിയമസഭയിൽ പാസായശേഷം ഗവർണറുടെ അടുത്തെത്തുകയും അദ്ദേഹം രാഷ്ട്രപതി ഒപ്പിടുന്നതിനായി അത് ശുപാർശ ചെയ്യുകയും ചെയ്തിരിക്കുകയാണ്. രാഷ്ട്രപതി ഒപ്പിടുന്നതോടെ അത് നിയമമായി മാറും. ട്രിബ്യൂണൽ രൂപീകരണത്തിന് മുന്നോടിയായി, പ്ലാച്ചിമട പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ ഉന്നതാധികാര സമിതി രൂപീകരിച്ച കാലം മുതൽ അതിനെ അട്ടിമറിക്കാനായി കൊക്കക്കോള കമ്പനി ശ്രമിക്കുന്നുണ്ടായിരുന്നു. അവർ ഇപ്പോഴും അത്തരം ശ്രമങ്ങൾ തുടരുന്നതിനാൽ സമരപ്രവർത്തകർ ജാഗ്രതയോടെ ഇരുന്നാൽ മാത്രമേ ട്രിബ്യൂണൽ യാഥാർത്ഥ്യമാവുകയും പ്ലാച്ചിമടക്കാർക്ക് മാന്യമായ നഷ്ടപരിഹാരം ലഭിക്കുകയുമുള്ളൂ. കോളയെ കുറ്റവിചാരണ ചെയ്ത് കമ്പനി അടച്ച് പൂട്ടുന്നതുവരെ സമരം മുന്നോട്ട് പോവുകയും വേണം. ജനകീയ സമരത്തിന്റെ ചരിത്ര വിജയം തന്നെയാണ് ഇത്ര സുപ്രധാനമായ ഒരു തീരുമാനത്തിലേക്ക് കാര്യങ്ങൾ എത്തിച്ചതും. ആ ചരിത്രവിജയത്തിന് തീർച്ചയായും തുടർച്ചയുണ്ടാ


കണം.

**കക്ഷിരാഷ്ട്രീയക്കാർക്ക് പ്ലാച്ചിമട സമരത്തിൽ അവകാശവാദമുന്നയിക്കാൻ കഴിയുമോ? ഒരു ജനകീയ സമരത്തിന്റെ വിജയമായുണ്ടായ ട്രിബ്യൂണൽ ബിൽ നിയമസഭയിൽ പാസാക്കിയെടുക്കാൻ രാഷ്ട്രീയ കക്ഷികൾ എത്രമാത്രം താത്പര്യമെടുത്തു?**

പല കാലത്തും വിവിധ രാഷ്ട്രീയ കക്ഷികൾ സമരത്തിന് പിന്തുണ നൽകിയിരുന്നു. എന്നാൽ മുഖം മിനുക്കുന്നതിനും വോട്ടുകിട്ടുന്നതിനുമായുള്ള നാടകങ്ങളായിരുന്നു പലതും. സമരത്തിൽ അവസാനകാലത്ത് ഇക്കൂട്ടരെ കാണാതിരുന്നത് അതുകൊണ്ടാണല്ലോ. ഏറെ വൈകിയാണെങ്കിലും ട്രിബ്യൂണൽ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിലും പാസാക്കുന്നതിലും ഇരുമുന്നണികളും ഒരുപോലെ താത്പര്യമെടുത്തു. എ.വി. ചെന്താമരാക്ഷനും തിരുവഞ്ചൂർ രാധാകൃഷ്ണനും കുട്ടി അഹമ്മദ് കുട്ടിയും എം.കെ. പ്രേംനാഥുമെല്ലാം നിയമസഭാ ചർച്ചകളിൽ പ്ലാച്ചിമട പ്രശ്നം ഉന്നയിച്ചു. ജനാധിപത്യ രീതിയിൽ നടന്ന പ്ലാച്ചിമട സമരം അതിന്റെ ലക്ഷ്യങ്ങളിൽ ഉറച്ച് നിന്നതുകൊണ്ട് നമ്മുടെ ഉദ്ദേശശുദ്ധി അവർക്ക് ബോധ്യമായി. അതും രാഷ്ട്രീയപാർട്ടികൾ പിന്തുണ നൽകുന്നതിന് കാരണമായി. സമയബന്ധിതമായി ട്രിബ്യൂണൽ നടപ്പിലാക്കാനുള്ള ആർജ്ജവവും അവർ കാണിക്കണം.

**ട്രിബ്യൂണൽ രൂപീകരണം ചരിത്രവിജയമാണെന്ന് വേണുവേട്ടൻ പറയുന്നുണ്ടെങ്കിലും പ്ലാച്ചിമട സമരത്തിന് തുടക്കത്തിൽ ലഭിച്ചത്ര ജനശ്രദ്ധ അവസാന കാലത്ത് കിട്ടാതെ പോയത് എന്തുകൊണ്ടാണ്?**

മാധ്യമങ്ങളുടെ രാഷ്ട്രീക്കാരുടെയും കോർപ്പറേറ്റ് വിധേയത്വം കൊണ്ടാണ് സമരത്തെ അവർ അവസാന നാളുകളിൽ കൈവെടിഞ്ഞത്. അവരെല്ലാം കൈവലിച്ചിട്ടും ബഹുരാഷ്ട്ര കുത്തകയ്ക്കെതിരെ ഉറച്ച് നിൽക്കാൻ ജനകീയ സമരത്തിന് കഴിഞ്ഞു. അധികാരമോ പണമോ ഇല്ലാതെ ഇച്ഛാശക്തികൊണ്ട് മാത്രം പിടിച്ചു നിന്ന ജനകീയ സമരത്തെ മാധ്യമങ്ങൾ കൈയൊഴിഞ്ഞു. പണവും അധികാരവും വിവാദങ്ങളുമുള്ളിടത്ത് മാത്രമാണ് അവർ താത്പര്യം കാണിക്കുന്നത്.



മാതൃഭൂമിയാണ് സമരത്തിൽ ആദ്യകാലത്ത് വലിയ താത്പര്യം കാണിച്ചിരുന്നത്. ജനതാദൾ യു.ഡി.എഫിൽ ചേർന്നതോടെ അവരുടെ താത്പര്യം കുറഞ്ഞു. നേരത്തെ പ്ലാച്ചിമടയിൽ എന്ത് ചെറിയ പരിപാടി നടന്നാലും അവർ വാർത്തകൊടുക്കുമായിരുന്നു. ജനതാദളിന് പ്രാദേശികമായി വലിയ സ്വാധീനമുള്ളതും മാതൃഭൂമിയുടെ താത്പര്യത്തിന് ഒരു കാരണമായിരുന്നു. വീരേന്ദ്രകുമാറിന്റെ താത്പര്യമായിരുന്നില്ല പ്രാദേശിക ജനതാദളിന് ഉണ്ടായിരുന്നത്. ജനങ്ങളെ അവരുടെ വോട്ട് ബാങ്കാക്കാനുള്ള ഒരു തന്ത്രത്തിന്റെ ഭാഗമായാണ് പ്രാദേശിക ജനതാദൾ സമരത്തിൽ ഇടപെട്ടത്. അത് നടക്കില്ലെന്ന് വന്നപ്പോൾ അവർ പതിയെ പിൻവലിഞ്ഞു.

**സമരത്തിൽ അവസാനം വരെ ഉറച്ച് നിന്നവർ ആരെല്ലാമായിരുന്നു?**

പ്ലാച്ചിമട നിവാസികളായ സമരപ്രവർത്തകരും ഐക്യദാർഢ്യ പ്രവർത്തകരും സമരത്തോടൊപ്പം അവസാന കാലം വരെ ഉണ്ടായിരുന്നു. സോളിഡാരിറ്റിയും സ്വദേശി ജാഗരൺ മഞ്ചുമാണ് പിന്നെ സമരത്തിൽ ഉറച്ചുനിന്ന സംഘടനകൾ. വർഗ്ഗീയ താത്പര്യമുള്ള സംഘടനകളാണെങ്കിലും സമരത്തിൽ അവരുടെ ഇടപെടൽ ആത്മാർത്ഥമായിരുന്നു. സമരത്തിൽ ഉറച്ച് നിൽക്കാൻ ഒടുവിൽ വർഗ്ഗീയ സംഘടനകൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്നത് നമ്മുടെ സാമൂഹിക പ്രവർത്തനത്തിന്റെ പരാജയം കൂടിയാണ്. പ്ലാച്ചിമടയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കാത്ത രാഷ്ട്രീയകക്ഷികൾ കേരളത്തിൽ കുറവാണ്. പക്ഷെ അടുത്തകാലത്തൊന്നും അവരെ അങ്ങോട്ട് കണ്ടിട്ടില്ല.

**ഒരു സമരം ഒൻപത് വർഷം പിന്നിടുന്നു എന്നത് ശുഭസൂചനയാണോ?**

ജനാധിപത്യരീതിയിലുള്ള ഒരു സമരത്തിന് അത് ഒരു അനിവാര്യതയാണ്. ബഹുരാഷ്ട്രകുത്തകകളോട് വിധേയത്വം വച്ചുപുലർത്തുന്ന രാഷ്ട്രീയ സംവിധാനമുള്ള ഒരു രാജ്യത്ത് കുത്തകയ്ക്കെതിരെയുള്ള സമരം വളരെക്കാലം നീണ്ടുപോയേക്കാം. എല്ലാവരും കോളയെ സഹായിക്കാൻ നിൽക്കുമ്പോൾ പരിഹാരമുണ്ടാകുന്നത് എങ്ങനെയാണ്? എത്രകാലം നീണ്ടാലും സമരമുന്നയിച്ച ആവശ്യങ്ങൾ നേടാതെ സമരത്തിൽ നിന്നും പിൻവാങ്ങരുത് എന്നത് പ്രധാനമാണ്. ജനകീയ സമരത്തിന് മാത്രമാണ് അതിന് കഴിയുന്നത്.

**ലക്ഷ്യത്തിനായുള്ള ഈ ഉറച്ച പോരാട്ടം നേരിടുന്ന പ്രതിസന്ധി?**

കഴിഞ്ഞ ഒൻപത് വർഷം നിരവധി പ്രതിസന്ധികളുടെ വർഷങ്ങൾ കൂടിയാണ്. സമരത്തിൽ ആന്തരിക വൈരുദ്ധ്യങ്ങൾ ഒരുപാടുണ്ടായി. സമരത്തിൽ നിന്നും വിട്ടുപോയ പലരും സമരത്തിനെതിരെ പ്രചാരണം നടത്തി. അവരെ വരുതിയിലാക്കാൻ പല രാഷ്ട്രീയ പാർട്ടികളും കച്ചകെട്ടിയിറങ്ങി. രാഷ്ട്രീയപാർട്ടികളുമായി ചേർന്ന് സമരത്തെ തകർക്കാൻ അവർ പല ശ്രമവും നടത്തി. സമരപ്രവർത്തകരെ അക്രമിച്ചു. സമരത്തിൽ ഉറച്ചുനിന്ന ആദിവാസികളുടെ വീടുകൾ തകർത്തു. സമരപന്തൽ കത്തിച്ചു. അധികാരം ഉപയോഗിച്ച് പലരേയും കള്ളകേസിൽ കുടുക്കാൻ ശ്രമിച്ചു. അവസാനം ട്രിബ്യൂണൽ രൂപീകരിച്ചപ്പോൾ അവകാശവാദം ഉന്നയിക്കാൻ സമരത്തിൽ നിന്നും വിട്ടുപോയവർ വീണ്ടും രംഗത്ത് വന്നു. ഇത് പ്രതിസന്ധികളിൽ ഒന്നുമാത്രമാണ്. കോള കമ്പനിയുടെ പ്രവർത്തനം മൂലം ഇരകളായവരുടെ ഭൗതിക സുരക്ഷിതത്വം ഉറപ്പാക്കുക എന്നതിന് സമരത്തിൽ ഉറച്ച് നിന്ന ഐക്യദാർഢ്യപ്രവർത്തകർക്ക് പോലും കഴിഞ്ഞിട്ടില്ല. സമരത്തിൽ ഉറച്ച് നിൽക്കുന്നവർ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അവരുടെ അടിസ്ഥാന ആവശ്യങ്ങൾ കൂടി നിറവേറ്റാനുള്ള സാഹചര്യമുണ്ടാകണം. പ്ലാച്ചിമടക്കാർ ഇന്നും ലോറിവെള്ളം വരുന്നതും കാത്ത് നിൽക്കേണ്ട അവസ്ഥയാണുള്ളത്.